# STATE INSTITUTE OF EDUCATIONAL MANAGEMENT AND TRAINING-KERALA
## (SIEMAT-KERALA)

M.G. Road, East Fort, Thiruvananthapuram-695036, Kerala
Phone No: 0471-2460343, 2477274
Website : www.siemat.kerala.gov.in E-mail : director.siemat@kerala.gov.in


**സീമാറ്റ്/എഡി.എ 2/490/2023** **തീയതി 03/08/2023**

## ക്വട്ടേഷൻ നോട്ടീസ്

സീമാറ്റ് – കേരളയുടെ ഔദ്യോഗിക ആവശ്യത്തിനായി ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ വാഹനം (ഫോസിൽ ഫ്യുവൽ കാർ) വാടകയ്ക്ക് എടുക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി പ്രാപ്തരായ ഏജൻസികളിൽനിന്നും കക്ഷികളിൽ നിന്നും വിശദവിവരങ്ങൾ രേഖപ്പെടുത്തിയ മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദാംശങ്ങളും ക്വട്ടേഷൻ സമർപ്പിക്കേണ്ട വിധവും താഴെ കൊടുക്കുന്നു.

**<u>വിശദാംശങ്ങൾ</u>**

* വാടകയ്ക്ക് നൽകേണ്ട ബ്രാൻഡ്/മോഡൽ : Maruti Ciaz/Honda City/Tata Nexon/Hyundai Verna/Ford Ecco Sports/സമാന കാറ്റഗറിയിൽപ്പെട്ട മറ്റ് വാഹനം (ഡ്രൈവർ ഉൾപ്പെടെ). CGST, SGST എന്നിവ ഉൾപ്പെടെയുള്ള എല്ലാ നികുതികളും അടക്കമുള്ള പ്രതിമാസ വാടക എത്ര ആയിരിക്കുമെന്നതാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
* പ്രതിമാസം 1500 കി.മീറ്റർ വരെ ഓടുന്നതിനുള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്.
* പ്രതിദിന ഓട്ടം 12 മണിക്കൂറിൽ അധികമാവുകയാണെങ്കിൽ ഡ്രൈവർക്കു നൽകേണ്ട ബാറ്റ, പ്രതിമാസ ഓട്ടം 1500 കി.മീ. അധികരിക്കുകയാണെങ്കിൽ അഡീഷണൽ കി.മീ. നൽകേണ്ട വാടക നിരക്ക് എന്നിവയും ക്വട്ടേഷനിൽ വ്യക്തമായി കാണിച്ചിരിക്കണം.
* വാഹനത്തിൽ ഇന്ധനം നിറയ്ക്കൽ, സർവ്വീസിംഗ്, റോഡ് നികുതി, പൊല്യൂഷൻ അണ്ടർ കൺട്രോൾ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് എന്നിവ വാഹനം വാടകയ്ക്ക് നൽകുന്ന ഏജൻസിയുടെ ഉത്തരവാദിത്തമായിരിക്കും.

**<u>ക്വട്ടേഷൻ സമർപ്പിക്കേണ്ട വിധം</u>**

* ക്വട്ടേഷൻ സമർപ്പിക്കുന്ന എൻവലപ്പിന് മുകളിൽ ***വാഹനം വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ*** എന്ന് രേഖപ്പെടുത്തിയിരിക്കണം.
* ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി 17/08/2023 വൈകുന്നേരം 3 മണിവരെ ആയിരിക്കും.
* വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
* യഥാസമയം ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേദിവസം (17/08/2023) വൈകിട്ട് 4 മണിക്ക് തദവസരത്തിൽ ഹാജരുള്ള ക്വട്ടേഷനർമാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും.

യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷനുകൾ നിരസിക്കുന്നതിനും, ക്വട്ടേഷനുകൾ പരിശോധിക്കുന്ന തീയതിയും സമയവും മാറ്റിവയ്ക്കുന്നതിനും ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട വിലാസം ഡയറക്ടർ, സീമാറ്റ് - കേരള, ഗവ. സെൻട്രൽ ഹൈസ്കൂൾ കോമ്പൗണ്ട്, തിരുവനന്തപുരം 695036.

ഡയറക്ടർ

നോട്ടീസ് ബോർഡ്
സീമാറ്റ് - കേരള വെബ്സൈറ്റ്